ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 28.11.2024**

## പ്രധാനവാർത്തകൾ

1. പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. വയനാട് എം.പി ആയി പ്രിയങ്ക ഗാന്ധി സത്യപ്രതിജ്ഞ ചെയ്തു.

2. കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന സ്റ്റാർട്ടപ്പ് സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കോവളത്ത് ഉദ്ഘാടനം ചെയ്യും.

3. സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി 3,283 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി കെ എൻ ബാലഗോപാൽ.

4. സംസ്ഥാനത്ത് അംഗീകാരമില്ലാത്ത 827 സ്കൂളുകളുടെ പട്ടികയും അനുബന്ധ വിവരങ്ങളും മുഖ്യമന്ത്രിക്ക് കൈമാറുമെന്ന് മന്ത്രി വി ശിവൻകുട്ടി.

5. ഗോവയിൽ നടക്കുന്ന 55-ാ മത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ഇന്ന് തിരശ്ശീല വീഴും. കേരള രാജ്യാന്തര ചലച്ചിത്രമേള അടുത്തമാസം 13 മുതൽ.

6. തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദം അടുത്ത 12 മണിക്കൂറിനുള്ളിൽ ഫെംഗൽ ചുഴലിക്കാറ്റായി മാറുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള തീരത്ത് ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

RNUTVPM

=========================================

**രാഷ്ട്രപതി സന്ദർശനം**

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ തമിഴ് നാട് സന്ദർശനം പുരോഗമിക്കുന്നു. ഊട്ടിയിലെ വെല്ലിംഗ്ടണിൽ പ്രതിരോധ സേനാ സ്റ്റാഫ് കോളേജിലെ പരിപാടിയെ രാഷ്ട്രപതി അല്പസമയം മുൻപ് അഭിസംബോധന ചെയ്തു. രാജ്യാതിർത്തിയും പ്രാദേശിക സമഗ്രതയും സംരക്ഷിക്കുന്നതിൽ ഇന്ത്യൻ സായുധ സേന വഹിക്കുന്ന പങ്കു വളരെ വലുതാണെന്ന് രാഷ്ട്രപതി പറഞ്ഞു. നാളെ നീലഗിരിയിലെ ഗോത്രവിഭാഗങ്ങളുമായി ശ്രീമതി മുർമു സംവദിക്കും.

=========================================

**പാർലമെന്റ്**

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. രാവിലെ സഭ ചേർന്നപ്പോൾ പ്രതിപക്ഷ പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ ഇരുസഭകളും ഉച്ചയ്ക്ക് 12 മണി വരെ നിർത്തിവച്ചിരുന്നു. സഭ പുനഃരാരംഭിച്ചെങ്കിലും പ്രതിപക്ഷ ബഹളം രൂക്ഷമായതോടെ ലോക്സഭയും രാജ്യസഭയും ഇന്നത്തേക്ക് പിരിയുകയായിരുന്നു.

=========================================

**അശ്വിനി വൈഷ്ണവ്**

സമൂഹ മാധ്യമത്തിലെ സഭ്യേതരമായ ഉള്ളടക്കങ്ങൾ പരിശോധിക്കുന്നതിന് നിലവിലെ നിയമങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. സമൂഹമാധ്യമങ്ങളിലും

RNUTVPM

OTT പ്ലാറ്റ്ഫോമുകളിലും കർശന നിയമങ്ങൾ ആവശ്യമാണെന്നും എഡിറ്റോറിയൽ പരിശോധന ഇല്ലാത്തതിനാൽ, നിരവധി അസഭ്യ ഉള്ളടക്കങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നതായും കേന്ദ്രമന്ത്രി ലോക്സഭയിൽ വ്യക്തമാക്കി.

=====================================================

**പ്രിയങ്ക ഗാന്ധി- സത്യപ്രതിജ്ഞ**

വയനാട് ലോക്സഭാ മണ്ഡലത്തിന്റെ എം. പി.യായി പ്രിയങ്ക ഗാന്ധി ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. മഹാരാഷ്ട്രയിലെ നന്ദേഡ് നിന്നും വിജയിച്ച ചവാൻ രവീന്ദ്ര വസന്ത് റാവുവും ഇന്ന് സത്യപ്രതിജ്ഞ ചെയ്തു.നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ ചേലക്കര നിയോജകമണ്ഡലത്തിൽ നിന്നും വിജയിച്ച യു.ആർ. പ്രദീപ്, പാലക്കാട് നിന്നും വിജയിച്ച രാഹുൽ മാങ്കൂട്ടത്തിൽ എന്നിവരുടെ സത്യപ്രതിജ്ഞ ഡിസംബർ 04-ാം തീയതി നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കും.

RNUTVPM

=====================================================

**സ്റ്റാർട്ടപ്പ് സമ്മേളനം**

കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന സ്റ്റാർട്ടപ്പ് സമ്മേളനം - **ഹഡിൽ ഗ്ലോബൽ 2024** ന്റെ ആറാം പതിപ്പ് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കോവളത്ത് ഉദ്ഘാടനം ചെയ്യും. ഉദ്ഘാടനത്തിന് മുന്നോടിയായി സ്റ്റാർട്ടപ്പ് പ്രതിനിധികളുമായി മുഖ്യമന്ത്രി സംവദിക്കും. കേരളത്തിന്റെ സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥയുടെ മുന്നേറ്റവും കൂടുതൽ നിക്ഷേപത്തിനും ആഗോള വ്യവസായ പങ്കാളിത്തത്തിനുമുള്ള സാധ്യതകളും മൂന്ന് ദിവസത്തെ സമ്മേളനത്തിൽ ചർച്ചയാകും.

========================================

**അഖില ഭാരതീയ പൂർവ്വ സൈനിക സേവ പരിഷത്ത്**

അഖില ഭാരതീയ പൂർവ്വ സൈനിക സേവ പരിഷത്ത് ഓൾ ഇന്ത്യാ വാർഷിക ജനറൽ ബോഡി യോഗം നാളെ കണ്ണൂരിൽ ആരംഭിക്കും. ഡിസംബർ ഒന്ന് വരെ നീണ്ടു നിൽക്കുന്ന പരിപാടിയിൽ രാജ്യരക്ഷമന്ത്രി രാജ്നാഥ് സിംഗ്, ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ  എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും.

========================================

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കുമായി **3,283 കോടി** രൂപ കൂടി അനുവദിച്ചതായി മന്ത്രി കെ എൻ ബാലഗോപാൽ. കേന്ദ്ര സർക്കാർ നയങ്ങൾ മൂലമുള്ള സാമ്പത്തിക ഞെരുക്കത്തിനിടയിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ചിട്ടുള്ള തുക പൂർണമായും ലഭ്യമാക്കുകയെന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. ഈ സാമ്പത്തിക വർഷം ഇതിനകം **9,800 കോടി** രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവെന്നും മന്ത്രി അറിയിച്ചു.

RNU TVPM

========================================

**മന്ത്രി കെ എൻ ബാലഗോപാൽ**

അനധികൃതമായി ക്ഷേമപെൻഷൻ വാങ്ങിയ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് മന്ത്രി കെ.എൻ ബാലഗോപാൽ. ക്ഷേമപെൻഷനുകൾ

അർഹതപ്പെട്ടവർക്കുള്ളതാണെന്നും ഉദ്യോഗസ്ഥർ അനധികൃതമായി കൈപ്പറ്റിയ പെൻഷൻ തുക പലിശയടക്കം തിരിച്ചുപിടിക്കുമെന്നും മന്ത്രി മാധ്യമപ്രവർത്തകരോട് പറഞ്ഞു. ക്ഷേമപെൻഷന് അവകാശമുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെയും നടപടി ഉണ്ടാകുമെന്ന് മന്ത്രി അറിയിച്ചു.

==================================================

**സി.എ.ജി കണക്കുകൾ**

സംസ്ഥാനത്തിന്റെ 2023-24 വർഷത്തെ ധനകാര്യ കണക്കുകളും ധനവിനിയോഗ കണക്കുകളും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ സംസ്ഥാന സർക്കാരിന് കൈമാറി.

==================================================

**വി ശിവൻകുട്ടി – സ്കൂളുകൾ**

സംസ്ഥാനത്തെ അംഗീകാരമില്ലാത്ത സ്കൂളുകളുടെ പ്രാഥമിക കണക്കെടുപ്പ് പൂർത്തിയായതായി മന്ത്രി വി ശിവൻകുട്ടി. സ്കൂളുകളുടെ പട്ടികയും ലഭ്യമായ വിവരങ്ങളും മുഖ്യമന്ത്രിക്ക് കൈമാറുമെന്നും മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു. 827 സ്കൂളുകളാണ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ക്ലാസ് മുറികളിൽ ബോഡി ഷെയ്മിംഗ് അടക്കം വിദ്യാർത്ഥികളുടെ ശാരീരിക - മാനസിക ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നും അധ്യാപകരിൽ നിന്നോ സ്കൂൾ അധികൃതരിൽ നിന്നോ

RNU TVPM

ഉണ്ടാകാൻ പാടില്ലെന്നും ശ്രീ ശിവൻകുട്ടി നിർദേശിച്ചു. പഠനയാത്രയ്ക്ക് പണം ഇല്ലെന്ന കാരണത്താൽ സ്കൂളുകൾ ഒരു കുട്ടിയെപ്പോലും ഒഴിവാക്കരുതെന്ന് മന്ത്രി പറഞ്ഞു.

==========================================

**കോസ്റ്റ്ഗാർഡ് – കൊച്ചി**

ഇന്ത്യൻ കോസ്റ്റ്ഗാർഡിന്റെ പതിനൊന്നാമത് ദേശീയ കപ്പലോട്ട -തെരച്ചിൽ -രക്ഷാപ്രവർത്തന-അഭ്യാസവും ശില്പശാലയും **SAREX 24**-ഇന്ന് കൊച്ചിയിൽ ആരംഭിക്കും. രാജ്യരക്ഷ സെക്രട്ടറി രാജേഷ് കുമാർ സിംഗ് രണ്ട് ദിവസത്തെ ശില്പശാല ഉദ്ഘാടനം ചെയ്യും. പ്രാദേശിക സഹകരണത്തിലൂടെയുള്ള തെരച്ചിൽ, രക്ഷാപ്രവർത്തനം എന്നിവ മെച്ചപ്പെടുത്തുക എന്നതാണ് ശിൽപശാലയുടെ പ്രമേയം.

==========================================

RNU TVPM

**വി.എൻ വാസവൻ - (ഇൻട്രോ)**

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സപ്ലിമെന്ററി കരാർ ഒപ്പു വച്ചതായി മന്ത്രി വി എൻ വാസവൻ. പുതിയ കരാർ അനുസരിച്ച് വിഴിഞ്ഞം തുറമുഖത്തിന്റെ 2, 3, 4 ഘട്ടങ്ങൾ 2028-ഓടെ കമ്മീഷൻ ചെയ്യത്തക്ക വിധത്തിൽ നിർമ്മാണം പൂർത്തിയാക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

**(വോയിസ്......... )**

ഏഷ്യയിലെ തന്നെ ഏറ്റവും ശേഷിയുള്ള സെമി ഓട്ടോമേറ്റ് തുറമുഖമായി വിഴിഞ്ഞം മാറിയതായും പുതിയ കരാർ കൂടുതൽ ആദായകരമാകുമെന്നും മന്ത്രി വ്യക്തമാക്കി.

==========================================

**ഝാർഖണ്ഡ് – മഹാരാഷ്ട്ര**

ഝാർഖണ്ഡിൽ, ജെ.എം.എം നേതാവ് ഹേമന്ദ് സൊരേൻ ഇന്ന് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യും. വൈകുന്നേരം 4 മണിക്ക് റാഞ്ചിയിൽ നടക്കുന്ന ചടങ്ങിൽ ഗവർണർ സന്തോഷ് കുമാർ ഗാംഗ്‌വാർ സത്യവാചകം ചൊല്ലിക്കൊടുക്കും. 81-അംഗ നിയമസഭയിൽ 56 സീറ്റിൽ വിജയം നേടിയാണ് ഹേമന്ദ് സൊരേൻ തുടർഭരണം ഉറപ്പിച്ചത്. മഹാരാഷ്ട്രയിലും സർക്കാർ രൂപീകരണത്തിനുള്ള ചർച്ചകൾ സജീവമാണ്. സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട അന്തിമ ചർച്ചകൾക്കായി ശിവസേന നേതാവ് ഏകനാഥ് ഷിൻഡെ, ബിജെപി നേതാവ് ദേവേന്ദ്ര ഫഡ്നാവിസ്, എൻ.സി.പി നേതാവ് അജിത് പവാർ എന്നിവർ ഇന്ന് ന്യൂഡൽഹിയിലെത്തും.

==========================================

**ദേശീയ അന്വേഷണ ഏജൻസി**

അതിർത്തി കടന്നുള്ള മനുഷ്യക്കടത്ത് തടയുന്നതിന്റെ ഭാഗമായി ദേശീയ അന്വേഷണ ഏജൻസി ഇന്ന് രാജ്യത്ത് വിവിധയിടങ്ങളിൽ തിരച്ചിൽ നടത്തി. ആറ് സംസ്ഥാനങ്ങളിലെ 22 ഇടങ്ങളിലാണ് തിരച്ചിൽ നടന്നത്. പരിശോധനയിൽ

RNU TVPM

മ്യാൻമറിലും ലാവോസിലുമുള്ള സൈബർ തട്ടിപ്പ് കേന്ദ്രങ്ങളുമായുള്ള കണ്ണികൾ കണ്ടെത്തി.

==========================================

**വോട്ടർ പട്ടിക**

സംസ്ഥാനത്ത് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് അവസരം ഇന്ന് അവസാനിക്കും. 17 വയസ്സ് പൂർത്തിയാക്കിയ എല്ലാവർക്കും പേര് ചേർക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അന്തിമ വോട്ടർപട്ടിക ജനുവരി ആറിന് പ്രസിദ്ധപ്പെടുത്തുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

==========================================

**ഗോവ ചലച്ചിത്രമേള**

ഗോവയിൽ നടക്കുന്ന 55-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് ഇന്ന് തിരശ്ശീല വീഴും. വൈകുന്നേരം നടക്കുന്ന വർണ്ണാഭമായ സമാപന ചടങ്ങിൽ ഗോൾഡൻ പീകോക്ക് ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ സമ്മാനിക്കും. ഇന്ത്യയിൽ നിന്നുള്ള മൂന്ന് സിനിമകൾ ഉൾപ്പെടെ 15 ചിത്രങ്ങൾ മത്സര രംഗത്തുണ്ടായിരുന്നു. വിവിധ ഭാഷകളിലും വിഭാഗങ്ങളിലുമായി 180-ഓളം ചിത്രങ്ങളാണ് ഒൻപത് ദിവസത്തെ മേളയിൽ പ്രദർശിപ്പിച്ചത്.

==========================================

**കണ്ണൂർ ടൂറിംഗ് ടാക്കീസ് - (ഇൻട്രോ)**

സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന 29-ാമത് കേരള രാജ്യാന്തര ചലചിത്ര മേളയ്ക്കുള്ള ഡെലിഗേറ്റ്

RNUTVPM

രജിസ്ട്രേഷൻ പുരോഗമിക്കുന്നു. അടുത്തമാസം 13 മുതൽ 20 വരെ തിരുവനന്തപുരത്താണ് ചലച്ചിത്രമേള നടക്കുന്നത്. മേളയോടനുബന്ധിച്ചുള്ള ടൂറിംഗ് ടാക്കീസ് വിളംബര ജാഥ കണ്ണൂർ ജില്ലയിൽ പര്യടനം ആരംഭിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....**

**(വോയിസ്........)**

==========================================

**ഫെംഗൽ ചുഴലിക്കാറ്റ്**

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദം അടുത്ത 12 മണിക്കൂറിനുള്ളിൽ ഫെംഗൽ ചുഴലിക്കാറ്റായി മാറുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ശനിയാഴ്ച രാവിലെയോടെ ചുഴലിക്കാറ്റ് കാരയ്ക്കലിനും മഹാബലിപുരത്തിനും ഇടയിൽ വടക്കൻ തമിഴ്നാട് - പുതുച്ചേരി തീരത്ത് എത്തുമെന്ന് കാലാവസ്ഥാ വിഭാഗം അറിയിച്ചു. തമിഴ്നാടിന്റെ വടക്കൻ ജില്ലകളിൽ വരും ദിവസങ്ങളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. മുന്നറിയിപ്പ് തുടരുന്നതിനാൽ തീരദേശ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മുൻകരുതൽ നടപടിയായി അവധി നൽകി. കേരളത്തിലും ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ട്. പ്രതികൂല കാലാവസ്ഥ കണക്കിലെടുത്ത് ഇന്നും നാളെയും കേരള തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

==========================================

RNU TVPM

**ശബരിമല**

ശബരിമലയിൽ മണ്ഡലകാലം ആരംഭിച്ചത് മുതൽ സന്നിധാനം മുതൽ നിലയ്ക്കൽ വരെയുള്ള പ്രദേശങ്ങളിലായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആകെ **1,008** പരിശോധനകൾ നടത്തി. ക്രമക്കേടുകൾ കണ്ടെത്തിയ **53** സ്ഥാപനങ്ങൾക്ക് **മൂന്ന് ലക്ഷത്തി ഏഴായിരം രൂപ** പിഴയും ചുമത്തിയിട്ടുണ്ട്. ഹോട്ടലുകളിൽ ഭക്ഷണം കഴിക്കുന്ന തീർത്ഥാടകർക്ക് പരാതിയുണ്ടെങ്കിൽ ഭക്ഷ്യസുരക്ഷാ വകുപ്പിനെ നേരിട്ട് വിളിക്കാനും കഴിയും. പമ്പ, സന്നിധാനം, നിലയ്ക്കൽ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് മൂന്ന് പേരടങ്ങുന്ന നാല് ടീമുകളായാണ് സ്ക്വാഡ് പ്രവർത്തനം നടത്തുന്നത്.

==============================================

RNU TVPM

**ഐ എസ് എൽ**

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് എഫ് സി ഗോവയെ നേരിടും. കൊച്ചിയിൽ വൈകിട്ട് 7.30-നാണ് മത്സരം. ഇന്നലെ കൊൽക്കത്തയിൽ നടന്ന മത്സരത്തിൽ ബംഗളുരു എഫ് സി ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് മൊഹമ്മദെൻ എസ്. സിയെ പരാജയപ്പെടുത്തി.

=====================

==============================

==============================================